# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1961 15.07.2016-ൽ മറുപടിക്ക്

**പുതിയ വാട്ടർ കണക്ഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, എൽദോസ് കുന്നപ്പിള്ളി<br>,, വി.എസ്.ശിവകുമാർ<br>,, എം. വിൻസെന്റ് : | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ | പുതിയ വാട്ടർ കണക്ഷനുകൾക്കുള്ള അപേക്ഷകൾ ഓൺ ലൈൻ ആയി സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ, കേരള സർക്കാർ പദ്ധതിയായ എസ്.എസ്.ജി.ഡി വഴി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കാലതാമസം ഒഴിവാക്കുന്നതിനായി ഗാർഹിക വാട്ടർ കണക്ഷനുകൾ നൽകുവാനുള്ള അധികാരം അഡീഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും മാറ്റി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നേരിട്ടോ, ഓൺ ലൈൻ വഴിയോ, ലൈസൻസ്ഡ് പ്ലംബർ വഴിയോ അതോറിറ്റിയിൽ എസ്റ്റിമേറ്റ് സഹിതം അപേക്ഷ സമർപ്പിച്ച് അംഗീകാര വിധേയമായി നിശ്ചിത ഫീസ് അടച്ച് സമയബന്ധിതമായി കണക്ഷനുകൾ എടുക്കാവുന്നതാണ്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനു പകരം വോട്ടേഴ്സ് ഐ.ഡി, ആധാർ, എൻ.പി.ആർ. റേഷൻ കാർഡ് ഇവയിലേതെങ്കിലും ഹാജരാക്കി പുതിയ കണക്ഷൻ എടുക്കാവുന്നതാണ്. |
| ബി | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വെളിപ്പെടുത്താമോ; | ബി | പുതിയ കണക്ഷനുകൾ നൽകുവാനുള്ള കാലതാമസം ഒഴിവാകുന്നു. ഉപഭോക്താവിന് സ്വകാര്യ പ്ലംബറിൽ നിന്നുള്ള അമിത ചാർജ്ജ് ഒഴിവാകുന്നു. കണക്ഷനുകൾ നൽകുവാൻ സമയക്രമം നിശ്ചയിക്കുക വഴി കാലതാമസം ഒഴിവാക്കി പരമാവധി പുതിയ കണക്ഷനുകൾ നൽകുവാൻ സാധിക്കുന്നു. തൽഫലമായി അതോറിറ്റിയ്ക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. കൂടാതെ ഉപഭോക്താക്കളിൽ |

| | | | |
|---|---|---|---|
| | | | നിന്നുള്ള പരാതികൾ ഗണ്യമായി കുറയുവാൻ ഇടയാകും. |
| സി | പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ? | സി | ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ